# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ: എച്ച്.നജീബ്)

## സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ടൈപ്പിസ്റ്റുമാരുടെ റേഷ്യോ പ്രൊമോഷൻ - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉത്തരവ് നം.9187/എസ്റ്റാ.ഡി4/2016/സി.ആർ.ഡി** **തീയതി : 06.02.2021**

---

പരാമർശം;- 1) സ.ഉ(പി)നം.07/2016/ധന തിയതി 20/01/2016.
2) 19.04.2013 ലെ സ.ഉ.(സാധാ)നം.151/2013/തസ്വഭവ നമ്പർ ഉത്തരവ്
3) ഈ ഓഫീസിലെ 2.06.2018 ലെ 9187/എസ്റ്റാ.ഡി4//16/സി.ആർ.ഡി. നമ്പർ ഉത്തരവ്
4) 12.10.2020 ലെ തസ്വഭവ ഐ.ബി1/47/2020 നമ്പർ സർക്കാർ കത്ത്
5) 23.11.2020 ലെ 3354/എസ്റ്റാ.ഡി4/2020/സി.ആർ.ഡി. നമ്പർ ഉത്തരവ്

## ഉത്തരവ്

ഗ്രാമവികസന വകുപ്പിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 2020 ഒക്ടോബർ മാസത്തിൽ നടന്ന റിട്ടയർമെന്റ് മൂലമുണ്ടായ ഒരു ഒഴിവിലേയ്ക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായ ഒരാൾക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് 27800 - 59400 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര് | സീനിയോറിറ്റി നം. | പെൻ നമ്പർ | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥാനക്കയറ്റം നൽകുന്ന തീയതി |
|---|---|---|---|---|---|
| 1 | ശ്രീമതി.ശ്യാമള ദേവി. സി.എ | 61 | 202810 | ഇളംദേശം ബ്ലോക്ക് | 01.11.2020 |

മേൽ പരാമർശിച്ച പ്രകാരം സീനിയർ ഗ്രേഡ് തസ്തികയിൽ നിന്നും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതുമൂലമുണ്ടായ ഒഴിവിലേയ്ക്ക് യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായ ആൾക്ക് ചുവടെ ചേർത്തിരിക്കുന്ന. പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് 26500 - 56700 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര് | സീനിയോറിറ്റി നം. | പെൻ നമ്പർ | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥാനക്കയറ്റം നൽകുന്ന തീയതി |
|---|---|---|---|---|---|
| 1 | ശ്രീ.റ്റി.എൽ.തോമസ് | 33 | 704895 | ദാരിദ്ര്യലഘൂകരണ വിഭാഗം, തൃശ്ശൂർ. | 01.11.2020 |

മേൽ സ്ഥാനക്കയറ്റം നൽകുമ്പോൾ യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഏറ്റവും സീനിയറായ ആൾക്ക് യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് 25200 - 54000 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര് | സീനിയോരിറ്റി നം. | പെൻ നമ്പർ | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി | സ്ഥാനക്കയറ്റം നൽകുന്ന തീയതി |
|---|---|---|---|---|---|---|
| 1 | ശ്രീ.ബി.ത്രിദീപ് കുമാർ | 49 എ | 783672 | ദാരിദ്ര്യ ലഘൂകരണ വിഭാഗം കൊല്ലം | 20/04/2015 | 01.06.2018 |

കൊല്ലം ദാരിദ്ര്യലഘൂകരണ വിഭാഗത്തിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന ശ്രീ.ബി.ത്രിദീപ്കുമാറിന്റെ സേവനം പരാമർശം (2) പ്രകാരം ക്രമപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. പരാമർശം (4) ലെ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ, റഗുലറൈസ് ചെയ്ത തീയതി പ്രാബല്യത്തിൽ ഈ ഓഫീസിലെ പരാമർശം (5) പ്രകാരം ടിയാന്റെ പേര് വിവരങ്ങൾ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീമതി.മഹദിയ.എം.നും ശ്രീ.റീന.ആർ.നും ഇടയിലായി (49 എ) ആയി ഉൾപ്പെടുത്തി ഉത്തരവായിരുന്നു.

ശ്രീമതി.മഹദിയ എം. ശ്രീമതി.റീന.ആർ. എന്നിവർക്ക് പരാമർശം (3) പ്രകാരം 01.06.2018 പ്രാബല്യത്തിൽ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു. ഇതേ തീയതി (01.06.2018) പ്രാബല്യത്തിൽ 20.01.2016 ലെ ജി.ഒ.(പി)നം.07/2016/ധന സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ശ്രീ.തൃദ്ദീപ് കുമാറിന് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

മേൽ ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധമായ വിവരങ്ങൾ ബന്ധപ്പെട്ട മേലധികാരികൾ ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

വ്യക്തികൾക്ക് (മേലധികാരി മുഖേന)

പകർപ്പ് : -

1. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം, കൊല്ലം, തൃശ്ശൂർ.
2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജ), കൊല്ലം, തൃശ്ശൂർ, ഇടുക്കി
3. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, ഇളംദേശം.
4. സിസ്റ്റം സൂപ്പർവൈസർ, സി.ആർ.ഡി
5. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

File No.LSGD-IB1/47/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.തസ്വഭവ-ഐ.ബി1/47/2020-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്
12/10/2020,തിരുവനന്തപുരം
ഫോൺ - 0471 251 8611
ഇ മെയിൽ - lsgibdept@gmail.com

COMMISSIONERATE
19 OCT 2020
009830
THIRUVANANTHAPURAM

പ്രിൻസിപ്പൽ സെക്രട്ടറി
ഗ്രാമവികസന കമ്മീഷണർ,
തിരുവനന്തപുരം

സർ,

വിഷയം:- തസ്വഭവ-കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.ബി.തുദീപ് കുമാറിന്റെ പേരുവിവരങ്ങൾ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- 1) സഉ(എം.എസ്) നം.151/2013/തസ്വഭവ,തീയതി 19.04.2013
2) താങ്കളുടെ 10.06.2020-ലെ 11746/Estt D4/2019/CRD-നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന(1) പ്രകാരം ശ്രീ.ബി.തുദീപ് കുമാറിനെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ റഗുലറൈസ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ടിയാൻ ഇപ്രകാരം ഒരു സർവീസിൽ അംഗമാകുകയും (Member of a Service as defined in Rule 2(9) Part I, KS&SSR) ചെയ്തിട്ടുള്ള സാഹചര്യത്തിൽ റഗുലറൈസ് ചെയ്ത തീയതി മുതൽ ടിയാനെ പൊതു സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതും സ്ഥാനക്കയറ്റത്തിന് യോഗ്യനാകുന്ന പക്ഷം മറ്റുള്ളവരോടൊപ്പം ടിയാനെയും സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടതുമാണ്. ടിയാന്റെ റിട്ടയർമെന്റോട് കൂടി തസ്തിക ഇല്ലാതാകുന്നു എന്ന കാരണത്താൽ ടിയാന് അർഹതപ്പെട്ട സീനിയോറിറ്റിയും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കാൻ കഴിയുകയില്ലെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
പി .കെ. പ്രതാപൻ
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ ,

സെക്ഷൻ ഓഫീസർ.

## ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ: എച്ച്.നജീബ്)

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം -കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ എൽ.ഡി. ടൈപ്പിസ്റ്റായ ശ്രീ.ബി.തൃദീപ് കുമാറിന്റെ പേരു വിവരങ്ങൾ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

---

ഉത്തരവ് നം.3354/എസ്റ്റാ.ഡി4/2020/സി.ആർ.ഡി തീയതി : 23.11.2020

---

പരാമർശം:-

1) കൊല്ലം അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 1.08.2019 ലെ ഡി1/2846/2002 നമ്പർ കത്ത് പ്രകാരം ലഭിച്ച ശ്രീ.ബി.തൃദീപ് കുമാറിന്റെ 09.07.2019 ലെ അപേക്ഷ
2) സ.ഉ.(സാധാ.) നം. 151/2013/ത.സ്വ.ഭവ. തീയതി 19.04.2013
3) 15.06.2015 ലെ 9909/എസ്റ്റാ.ഡി4/2014/സി.ആർ.ഡി. നം.ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സീനിയോരിറ്റി ലിസ്റ്റ്.
4) 12.10.2020 ലെ തസ്വ.ഭവ.-ഐ.ബി1/47/2020/ത.സ്വ.ഭ.വ. നം. സർക്കാർ കത്ത്
5) കൊല്ലം അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 09.11.2020 ലെ ഡി1/2368/2020 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ എൽ.ഡി.ടൈപ്പിസ്റ്റായ ശ്രീ.ബി.തൃദീപ് കുമാറിനെ, പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തി ഉത്തരവ് തീയതിയായ 19.04.2013 മുതൽ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകാൻ ഉത്തരവായിരുന്നുവെങ്കിലും ടിയാന്റെ റിട്ടയർമെന്റിന് ശേഷം പ്രസ്തുത തസ്തിക ഇല്ലാതാകുന്നു എന്ന കാരണത്താൽ ടിയാന്റെ പേരുവിവരങ്ങൾ പൊതു സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ സ്ഥാനക്കയറ്റം നൽകുകയോ ചെയ്തിരുന്നില്ല.

ശ്രീ.ബി.തൃദീപ് കുമാറിനെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ റെഗുലറൈസ് ചെയ്ത് 19.04.2013 ലെ സ.ഉ.(സാധാ.)നം.151/2013/ത.സ്വ.ഭ.വ. ഉത്തരവ് പുറപ്പെടുവിക്കുകയും ടിയാൻ ഇപ്രകാരം സർവ്വീസിൽ അംഗമാകുകയും (**Member of service as defind in Rule 2(9) Part 1 KS & SSR)** ചെയ്തിട്ടുള്ള സാഹചര്യത്തിൽ റഗുലറൈസ് ചെയ്ത തീയതി മുതൽ ടിയാനെ പൊതു സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതും സ്ഥാനക്കയറ്റത്തിന് യോഗ്യനാകുന്ന പക്ഷം മറ്റുള്ളവരോടൊപ്പം സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടതാണെന്നും റിട്ടയർമെന്റോടുകൂടി ഈ തസ്തിക ഇല്ലാതാകുന്നതിനാൽ അർഹതപ്പെട്ട സീനിയോരിറ്റിയും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കാൻ കഴിയുകയില്ലായെന്നും പരാമർശം (4) ലെ സർക്കാർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ എൽ.ഡി.ടൈപ്പിസ്റ്റായ ശ്രീ.ബി.തൃദീപ് കുമാറിന്റെ പേരുവിവരങ്ങൾ പരാമർശം (3) ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 49 ആയ ശ്രീമതി.മഹദിയ എം. ന് തൊട്ടുതാഴെ സീനിയോരിറ്റി നം. 49(എ) ആയി ക്രമീകരിച്ചും ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

| സീനിയോരിറ്റി നം | പേര്, തസ്തിക | വിദ്യാഭ്യാസ യോഗ്യത | അഡ്വൈസ് / റെഗുലറൈസ് ചെയ്തുകൊണ്ടുള്ള ഉത്തരവ് | പ്രോബേഷൻ ഡിക്ലയർ ചെയ്തത് സംബന്ധിച്ച വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 49എ | ശ്രീ.ബി.തൃദീപ് കുമാർ, എൽ.ഡി. ടൈപ്പിസ്റ്റ് | SSLS, Typewriting Eng&Mal (H) | സ.ഉ.(സാധാ.) നം. 151/2013/ത.സ്വ.ഭ വ. തീയതി 19.04.2013 | കൊല്ലം ജില്ലാ കളക്ടറുടെ 06.06.15 ലെ ഡി4/1618/2015 നമ്പർ ഉത്തരവ് പ്രകാരം 20.04.2015 ന് നിരീക്ഷണ കാലം പൂർത്തീകരിച്ചു | താൽക്കാലിക നിയമനം സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തി |

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:- ശ്രീ.ബി.തൃദീപ് കുമാർ, എൽ.ഡി.ടൈപ്പിസ്റ്റ് കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗം.

പകർപ്പ് : -
1. പ്രോജക്ട് ഡയറക്ടർ, കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗം
2. അസി. ഡെലവപ്മെന്റ് കമ്മീഷണർ (ജനറൽ) കൊല്ലം
3. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം,

ജൂനിയർ സൂപ്രണ്ട്

G